LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇപ്പോഴും തുടർന്നുവരുന്നു. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികൾ പ്രകാരവും രഹസ്യ വിവരങ്ങളനുസരിച്ചും അമിത പലിശക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് അനധികൃത പണമിടപാട് സ്ഥാപനങ്ങൾ, അമിത പലിശ ഈടാക്കുന്നവർ, ബ്ലേഡ് മാഫിയ തുടങ്ങിയ നിയമാനുസരണമല്ലാത്ത പണമിടപാട് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ചൂഷണങ്ങളിൽ നിന്ന് പൊതുജനങ്ങളെ രക്ഷിക്കുന്നതിനും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) അനധികൃത പണമിടപാട് നടത്തുന്നവർക്കും സ്ഥാപനങ്ങൾക്കുമെതിരെ റെയ്ഡുകൾ നടത്തി, ബ്ലാങ്ക് ചെക്കുകളും, മുദ്രപത്രങ്ങളും, പ്രമാണങ്ങളും, അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന പണവും കണ്ടെത്തി കോടതി മുമ്പാകെ ഹാജരാക്കി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന, ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും റദ്ദ് ചെയ്യുവാൻ വേണ്ട മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) ജനമൈത്രി സംവിധാനം പ്രയോജനപ്പെടുത്തി പൊതുജനങ്ങളെ ബോധവൽക്കരിച്ചും അനധികൃത പണമിടപാട് നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും റെയിഡുകൾ നടത്തിയും പ്രതികളെ അറസ്റ്റ് ചെയ്തും അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഉച്ചഭാഷിണി ഉപയോഗം

223 (227) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉച്ചഭാഷിണി ഉപയോഗം സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ ;

(സി) പ്രസ്തുത വ്യവസ്ഥകളിൽനിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉച്ചഭാഷിണി ഉപയോഗം സംബന്ധിച്ച് പാലിക്കേണ്ട നിബന്ധനകളടങ്ങുന്ന വിജ്ഞാപനം, എക്സിക്യൂട്ടീവ് ഓർഡർ, സർക്കുലർ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) ഉച്ചഭാഷിണി ഉപയോഗിക്കുമ്പോൾ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അതാത് ജില്ലാ പോലീസ് മേധാവിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാണ് ഉച്ചഭാഷിണി ഉപയോഗിക്കുവാനുള്ള അനുവാദം നൽകുന്നതെന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

(സി) ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകുന്നത് നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ചാണ്. ഇതിൽനിന്നും ആരെയും ഒഴിവാക്കിയിട്ടില്ല.

ചന്ദ്രബോസ് വധക്കേസ്

224 (228) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ചന്ദ്രബോസ് വധക്കേസിലെ പ്രതിയായ നിസ്സാമിനെതിരെയുള്ള കേസ് അന്വേഷണം ഏത് ഘട്ടം വരെയായി ; കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ ;

(ബി) ടി കേസുമായി ബന്ധപ്പെട്ട്, ഡി.ജി.പി. നൽകിയ പരാതിയിൽ നിയമ സെക്രട്ടറിയുടെ ശുപാർശ പ്രകാരം മൂന്ന് പേരെ പ്രോസിക്യൂട്ട് ചെയ്യാൻ പോകുന്നു എന്ന വാർത്ത ശരിയാണോ ; എന്ന് മാനദണ്ഡം വച്ചാണ് മൂന്ന് പേരെ പ്രോസിക്യൂട്ട് ചെയ്യാൻ പോകുന്നത് ; വിവരിക്കുമോ ;

(സി) ഇതിനായി നൽകിയ നിയമോപദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് ഫയൽ ചെയ്യാൻ പോകുന്നതെന്ന് വിശദമാക്കുമോ ;

(ഇ) ഡി.ജി.പി. ബാലസുബ്രഹ്മണ്യം കേസ്സിൽ പ്രതിയായ നിസ്സാമിനെ രക്ഷിക്കാൻ ശ്രമിച്ചതായി ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ; ടി പരാതിയിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.